കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് – ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2020-21 വർഷത്തെ ആദ്യ ഗഡുവായി 5 കോടി രൂപ റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.54/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 27.08.2020.

================================================================

പരാമർശം :- 1. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ 15.04.2020 -ലെ 11013/02/2020-ബി.സി-I നമ്പർ കത്ത്.

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.05.2020 -ലെ ബി.സി.ഡി.ഐ.ആർ/164/2020-എ 3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പിന് 2,50,00,000/- രൂപ 2020-21 വർഷത്തേയ്ക്ക് റിലീസ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്.

2. നടപ്പ് സാമ്പത്തിക വർഷം ആദ്യ ഘട്ടമായി അനുവദിച്ച 2.5 കോടി രൂപയും സംസ്ഥാന വിഹിതമായ 18 കോടി രൂപയും ചേർത്ത് 20.5 കോടി രൂപ ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പിനായി 2225-03-277-92-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) -ലെ കത്തിലൂടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പിന് വേണ്ടി 2020-21 സാമ്പത്തിക വർഷം കേന്ദ്രം ആദ്യ ഘട്ടമായി അനുവദിച്ച 2.5 കോടി രൂപയും, സംസ്ഥന വിഹിതമായ 2.5 കോടി രൂപയും ചേർത്ത് 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) 2225-03-277-92-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [18.08.2020 -ലെ WW1/99/2019/Fin. പ്രകാരം]
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.